II ഇ.ബി. XII- കേരള നിയമസഭ/XV-2

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2010 ജൂൺ 30, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പരിനെ സൂചിപ്പിക്കുന്നു.)

5 (*31) **പോലീസ് സേനാംഗങ്ങൾക്കുള്ള സഹായനിധി**

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ പോലീസ് സേനാംഗങ്ങൾക്കായി "ഡ്യൂട്ടി ഹസാർഡ്സ് വിക്ടിംസ് റിലീഫ് ഫണ്ട്" എന്ന പേരിൽ ഒരു സഹായനിധി രൂപീകരിക്കാനുള്ള കരട് നിർദ്ദേശം പരിഗണനയിലുണ്ടെന്നും ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി സംഭവിക്കുന്ന അത്യാഹിതങ്ങൾ, അപകടങ്ങൾ എന്നിവയെത്തുടർന്നുള്ള ചികിത്സയ്ക്കായാണ് ഈ സഹായനിധിയിൽനിന്നും സഹായം ചെയ്യാൻ കരട് രേഖയിൽ ശുപാർശ ചെയ്യുന്നതെന്നും സഭയെ അറിയിച്ചു. സേനാംഗങ്ങൾ നൽകുന്ന വിഹിതത്തോടൊപ്പം ഗവൺമെന്റ് ഓരോ

വർഷവും നൽകുന്ന വിഹിതവുംകൂടി ചേർത്താണ് സഹായനിധിയിലേ യ്ക്കുള്ള ഫണ്ട് സമാഹരിക്കാൻ ഉദ്ദേശിക്കുന്നതതെന്നും എക്സൈസ്/ഫയർ ആന്റ് റസ്ക്യൂ സർവ്വീസ് എന്നീ വകുപ്പുകളിലെ സേനാം ഗങ്ങളെക്കൂടി ഈ സഹായനിധിയിൽ അംഗങ്ങളാക്കുന്ന കാര്യം പരിഗണന യിലുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി കണക്കിലെടുത്ത് പോലീസ് സേനയിലും മറ്റ് സേനാവിഭാഗങ്ങ ളിലുമുള്ളവർക്ക് പരമാവധി സഹായം നൽകുന്നതിനാണ് ശ്രമിക്കുന്നത്. പുതിയ ശമ്പള കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ പോലീസ് സേനാംഗങ്ങളുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കുന്ന കാര്യവും ഫയർ ആന്റ് റസ്ക്യൂ/എക്സൈസ്/ഫോറസ്റ്റ് തുടങ്ങിയ വിഭാഗങ്ങ ളിൽപ്പെട്ടവർക്ക് പോലീസുകാരുടേതിന് തുല്യമായ വേതന ഘടന പുന:സ്ഥാപിക്കുന്ന കാര്യവും പരിഗണിക്കുന്നതാണ് സഹായനിധി രൂപീകരി ക്കുന്ന സന്ദർഭത്തിൽ ക്യാമ്പ് ഫോളോവേഴ്സിനെ ഉൾപ്പെടുത്തുന്നതിനെ ക്കുറിച്ച് പരിശോധിക്കാവുന്നതാണെന്നും തീരദേശ പോലീസ് സ്റ്റേഷനു കളിൽ പ്രവർത്തിക്കുന്ന പോലീസുകാർക്ക് പ്രത്യേക പരിശീലനം നൽകുന്നു ണ്ടെന്നും അവർക്ക് പ്രത്യേക ഇൻസെന്റീവ് കൊടുക്കാൻ ഉദ്ദേശിക്കുന്നു ണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

## 6 (*32) <u>കലാലയങ്ങളുടെ സമാധാനപൂർണ്ണമായ നടത്തിപ്പിന് സ്വീകരിച്ച നടപടി</u>

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കലാലയങ്ങളുടെ സമാധാനപൂർണ്ണമായ നടത്തിപ്പിന് സംരക്ഷണം നൽകണമെന്ന് കേരള ഹൈക്കോടതി കാലാകാലങ്ങളിൽ

നൽകിയ നിർദ്ദേശങ്ങൾ കേരള പോലീസ് നടപ്പിലാക്കിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കോളേജുകളിൽ വിദ്യാർത്ഥി സംഘടനകളെ നിരോധിക്കാൻ ഉദ്ദേശിക്കുന്നില്ലെന്നും വിദ്യാർത്ഥി സംഘടനകൾക്ക് നിയമാനുസൃതം പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യമുണ്ടാകണമെന്നുള്ളതാണ് സർക്കാരിന്റെ നയമെന്നും കോളേജ് യൂണിയനുകളുടെ ഓഫീസുകളല്ലാതെ വിദ്യാർത്ഥി സംഘടനകളുടെ പ്രത്യേകമായ ഓഫീസുകൾ കോളേജുകളിൽ പ്രവർത്തിക്കാൻ അനുവദിക്കുകയില്ലെന്നും അത്തരത്തിലുള്ള പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ അതിനെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും വിദ്യാർത്ഥി സംഘടനകൾക്ക് നിയമാനുസൃതം പ്രവർത്തിക്കാനുള്ള അവകാശം നൽകുന്നതിനുവേണ്ടി നിയമനിർമ്മാണം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടെന്നും നിയമനിർമ്മാണവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥി സംഘടനകളുടേയും രാഷ്ട്രീയ പാർട്ടികളുടേയും യോഗം വിളിച്ചുകൂട്ടി അഭിപ്രായ സമന്വയമുണ്ടാക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. മാനേജുമെന്റും വിദ്യാർത്ഥികളുമായി പ്രശ്നങ്ങളുണ്ടാകുന്ന സന്ദർഭങ്ങളിൽ വിദ്യാർത്ഥികൾക്ക് പറയാനുള്ളതുകൂടി കേട്ടുകൊണ്ട് തീരുമാനമെടുക്കാനുള്ള സ്ഥിരം സംവിധാനമുണ്ടാക്കുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണെന്നും മന്ത്രി സഭയെ അറിയിച്ചു.

7 (*33) <u>സംസ്ഥാനത്തെ തീരദേശ സംരക്ഷണം ശക്തമാക്കുന്നതിന് സ്വീകരിച്ച നടപടികൾ</u>

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, തീരദേശ സുരക്ഷയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ ആദ്യഘട്ടത്തിൽ സംസ്ഥാനത്തിന് അനുവദിച്ച എട്ട് തീരദേശ

പോലീസ് സ്റ്റേഷനുകളിൽ നീണ്ടകര, അഴീക്കോട്, വിഴിഞ്ഞം, ബേപ്പൂർ എന്നീ നാല് തീരദേശ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു വെന്നും ഈ പോലീസ് സ്റ്റേഷനുകളിൽ നിന്നും ദിവസവും കടലിൽ സുരക്ഷാ പട്രോളിംഗ് നടത്തിവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. അഞ്ചാ മത്തെ തീരദേശ പോലീസ് സ്റ്റേഷൻ ഫോർട്ട് കൊച്ചിയിൽ ജൂലൈ മാസം ഉദ്ഘാടനം ചെയ്യുമെന്നും കാസർഗോട്ടെ തീരദേശ പോലീസ് സ്റ്റേഷന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണെന്നും ആലപ്പുഴയിലേതും കണ്ണൂരിലേതും മൂന്ന് മാസംകൊണ്ട് പൂർത്തീകരിക്കുമെന്നും രണ്ടാംഘട്ടത്തിൽ പത്ത് പുതിയ തീരദേശ പോലീസ് സ്റ്റേഷനുകൾകൂടി അനുവദിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും തീരദേശ പോലീസുകാർക്ക് പന്ത്രണ്ട് നോട്ടിക്കൽ കിലോമീറ്റർ വരെ പോയി പരിശോധന നടത്തുന്നതിനുള്ള ബോട്ടുകൾ നൽകിയിട്ടുണ്ടെന്നും കടലിൽ പ്രവർത്തിക്കാനുള്ള വൈഭവമുണ്ടാക്കുന്നതിന് നേവിയുടേയും കോസ്റ്റ് ഗാർഡിന്റേയും നേതൃത്വത്തിൽ പരിശീലനം നൽകു ന്നുണ്ടെന്നും മന്ത്രി അറിയിച്ചു. നാവികസേന, കോസ്റ്റ് ഗാർഡ്, പോലീസ് എന്നിവയുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനവും തീരദേശ സുരക്ഷ ഉറപ്പു വരുത്തുന്നതിനായി വിവരങ്ങൾ കൈമാറുന്നതിനുവേണ്ട ക്രമീകരണങ്ങളും നടപ്പിൽ വന്നുകഴിഞ്ഞിട്ടുണ്ട്. ഇവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്ന തിനും ആവശ്യമായ അനന്തര നടപടികൾ സ്വീകരിക്കുന്നതിനും സംസ്ഥാന തലത്തിൽ സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയും ജില്ലാതലത്തിൽ ജില്ലാതല കോ-ഓർഡിനേഷൻ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ തീരദേശ പോലീസ് സ്റ്റേഷനുകളുടെ നിർമ്മാണത്തിനായി ഓരോ പോലീസ് സ്റ്റേഷനും 24.70 ലക്ഷം രൂപ വീതം അനുവദിക്കുകയും തീരദേശ പട്രോളിംഗ് നടത്തുന്നതിനായി അനുവദിച്ച ഓരോ പന്ത്രണ്ട് ടൺ ബോട്ടിനും

പ്രതിമാസം 4 ലക്ഷം രൂപ വീതവും ഓരോ അഞ്ച് ടൺ ബോട്ടിന് 3 ലക്ഷം രൂപ വീതവും പി.എൽ.ഒ. ചാർജ്ജായി റീഇമ്പേഴ്സ് ചെയ്തുതരാമെന്ന് സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ പത്ത് തീരദേശ പോലീസ് സ്റ്റേഷനുകൾകൂടി അനുവദിച്ചുതരണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. തീരദേശ സുരക്ഷയുമായി ബന്ധപ്പെട്ട് കടലിൽ റോന്ത് ചുറ്റുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. തീരദേശ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്ത ത്തോടെ നാളിതുവരെ 74 കടലോര ജാഗ്രതാ സമിതികൾ രൂപീകരി ച്ചിട്ടുണ്ടെന്നും ഇതിൽ സ്ത്രീകളെക്കൂടി ഉൾപ്പെടുത്താനുള്ള നടപടി സ്വീകരി ക്കുമെന്നും മന്ത്രി വ്യക്തമാക്കി. തീരദേശ പ്രവർത്തനങ്ങളെക്കുറിച്ച് നിതാന്ത ജാഗ്രത പുലർത്തേണ്ടതും കടലിലും കായലിലും പ്രവർത്തിക്കുന്ന മത്സ്യ ബന്ധന യാനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ യാനങ്ങളും നിരീക്ഷിക്കുക, സംശയകരമായ രീതിയിൽ കാണുന്ന യാനങ്ങളെക്കുറിച്ച് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ വിവരം അറിയിക്കുക, ബോട്ടുകളിലും മറ്റ് യാനങ്ങ ളിലും ജോലി ചെയ്യുന്ന മത്സ്യത്തൊഴിലാളികൾ ഫീഷറീസ് വകുപ്പ് നൽകുന്ന ഫോട്ടോ ഐഡന്റിറ്റി കാർഡോ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും ലഭിച്ച ഫോട്ടോ പതിപ്പിച്ച പാസ്ബുക്കിന്റെ കോപ്പികളോ സൂക്ഷിക്കേണ്ടതാണ് എന്നതിന് വിപരീതമായി പ്രവർത്തിക്കുന്ന വ്യക്തികളെ ക്കുറിച്ചുള്ള വിവരം ബന്ധപ്പെട്ട അധികാരികളെ അറിയിക്കുക, അപരിചിത രായ ആളുകൾ, ബോട്ടുകൾ, സംശയകരമായ ചരക്കുനീക്കങ്ങൾ എന്നിവ നിരീക്ഷിക്കുക, തീരദേശ കടലിൽ നടക്കുന്ന പ്രവർത്തനങ്ങൾ നിരീക്ഷിച്ച് സംശയകരമായ സംഗതികൾ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ അറിയിക്കുക, കടലിലുണ്ടാകുന്ന അപകടങ്ങൾ, സുനാമിപോലുള്ള പ്രകൃതി

ക്ഷോഭം മുതലായ ഘട്ടങ്ങളിൽ അടിയന്തിര സഹായം നൽകുന്നതിനും രക്ഷാപ്രവർത്തനം നടത്തുന്നതിനും മുൻപന്തിയിൽ നിൽക്കുക, സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന തുറമുഖങ്ങളിലേയും ഫിഷ് ലാന്റിംഗ് സെന്ററുകളിലേയും സുരക്ഷാ ക്രമീകരണങ്ങളിലും അവരുടെ പ്രവർത്തനങ്ങളിലും പോരായ്മകളോ വീഴ്ചകളോ സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ആ വിവരം ഫിഷറീസ്/പോലീസ്/തുറമുഖ വകുപ്പ് അധികാരികളെ അറിയിക്കുക. തുടങ്ങിയവ കടലോര ജാഗ്രതാ സമിതികളുടെ ചുമതലകളാണ്. ട്രോളിംഗ് നിരോധനം നിലവിലുള്ള ഓഫ് സീസണിൽ മത്സ്യത്തൊഴിലാളികൾക്ക് തീരദേശ സുരക്ഷയെ സംബന്ധിച്ച് ആവശ്യമായ ബോധവൽക്കരണ ക്ലാസ്സുകളും മറ്റ് പരിശീലന പരിപാടികളും ഏർപ്പെടുത്തുന്നതാണെന്നും ജാഗ്രതാ സമിതി അംഗങ്ങൾക്ക് ബന്ധപ്പെട്ട പോലീസ് സൂപ്രണ്ട് ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് നൽകേണ്ടതാണെന്നും ജാഗ്രതാ സമിതിയിലെ എല്ലാ അംഗങ്ങളുടേയും മൊബൈൽ ഫോൺ നമ്പരുകൾ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിലും സർക്കിൾ ഓഫീസുകളിലും അവർക്ക് പോലീസുമായി ബന്ധപ്പെടേണ്ട നമ്പരുകൾ സമിതി അംഗങ്ങളുടെ പക്കലും ഉണ്ടായിരിക്കേണ്ടതാണെന്നും പോലീസുമായുള്ള വാർത്താവിനിമയത്തിനാവശ്യമായ ടോൾഫ്രീ ഉൾപ്പെടെയുള്ള ക്രമീകരണങ്ങൾ ഡി.ജി.പി. നടപ്പിലാക്കേണ്ടതാണെന്നും തീരദേശ സുരക്ഷയെ സംബന്ധിച്ചുള്ള പ്രധാനപ്പെട്ട വിവരങ്ങൾ നൽകുകയും സുരക്ഷാ സേനയുടെ പ്രവർത്തനത്തെ സഹായിക്കുകയും ചെയ്യുന്ന തീരദേശ ജാഗ്രതാ സമിതിയിലെ അംഗങ്ങൾക്ക് സർക്കാർതലത്തിൽ അംഗീകാരവും പാരിതോഷികവും നൽകുന്നതാണെന്നും കടൽമാർഗ്ഗമുള്ള വിധ്വംസക പ്രവർത്തനങ്ങളും നയവിരുദ്ധ പ്രവർത്തനങ്ങളും കണ്ടുപിടിക്കുന്നതോടൊപ്പം മദ്യത്തിന്റേയും മയക്കുമരുന്നിന്റേയും വിതരണവും

കണ്ടുപിടിക്കുന്നതിനുകൂടി തീരദേശ പോലീസിനെ സജ്ജമാക്കുമെന്നും ഉപ ചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

8 (*34) <u>നഗര തൊഴിലുറപ്പ് പദ്ധതി</u>

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) നൽകിയ മറുപടിയിൽ, നഗര തൊഴിലുറപ്പ് പദ്ധതി യുടെ കരട് സ്കീം സർക്കാരിന്റെ പരിഗണനയിലാണെന്നും പദ്ധതിയിൽ അംഗമാകുന്നവരുടെ രജിസ്ട്രേഷനും തൊഴിൽ കാർഡ് വിതരണവും ആഗസ്റ്റ് മാസത്തിൽ ആരംഭിക്കുന്നതാണെന്നും സഭയെ അറിയിച്ചു. ജല സംരക്ഷണവും മഴക്കൊയ്ത്തും, വനസംരക്ഷണവും വൃക്ഷങ്ങൾ നട്ടുപിടിപ്പി ക്കലും, സൂക്ഷ്മ-ചെറുകിട ജലസേചന പ്രവൃത്തികൾ ഉൾപ്പെടെയുള്ള ജല സേചന തോടുകൾ, കുളങ്ങൾ വൃത്തിയാക്കൽ ഉൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനർനിർമ്മാണം, ഭൂവികസനം, വെള്ളക്കെട്ടുള്ള പ്രദേ ശങ്ങളിൽ അഴുക്കുചാൽ നിർമ്മിക്കുന്നത് ഉൾപ്പെടെയുള്ള വെള്ളപ്പൊക്ക നിയന്ത്രണ പ്രവർത്തനങ്ങളും ഇതര സംരക്ഷണ പ്രവർത്തനങ്ങളും, പട്ടിക ജാതി/പട്ടികവർഗ്ഗവിഭാഗക്കാരുടേയും ചെറുകിട നാമമാത്ര കർഷകരുടേയും ഭൂമിയിൽ ജലസേചന സൗകര്യമൊരുക്കൽ, ബി.എസ്.യു.പി/ഐ.എച്ച്.എസ്. ഡി.പി/കെ.എസ്.യു.ഡി.പി. പദ്ധതികളുടെ ഭാഗമായി വികസന പ്രവർത്തന ങ്ങൾക്ക് തെരഞ്ഞെടുക്കപ്പെട്ട ക്ലസ്റ്ററുകളിലെ അനുബന്ധ പ്രവൃത്തികൾ, കോളനി നവീകരണ പ്രവൃത്തികൾ, പൊതുസ്ഥലങ്ങളിൽ കുന്നുകൂടുന്ന ചപ്പുചവറുകളും മാലിന്യങ്ങളും നീക്കം ചെയ്യൽ, അഭ്യസ്തവിദ്യരായ തൊഴി ലില്ലാത്തവർക്കുവേണ്ടിയുള്ള പ്രത്യേക പരിപാടികൾ എന്നിവയാണ് കരട് സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതി പ്രവർത്തനം ആരംഭിച്ചശേഷം

പദ്ധതി നടത്തിപ്പിന് കേന്ദ്രസഹായം അഭ്യർത്ഥിക്കുന്ന കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണെന്നും സഭയെ മന്ത്രി അറിയിച്ചു. മറ്റ് സംസ്ഥാനങ്ങളിലൊന്നും നഗര തൊഴിലുറപ്പ് പദ്ധതി ആവിഷ്ക്കരിച്ചിട്ടില്ലെന്നും കേന്ദ്ര പ്ലാനിംഗ് കമ്മീഷനുമായുള്ള ചർച്ചാവേളയിൽ ഇതിന്റെ മാനദണ്ഡങ്ങൾ പൊതുവായി പരാമർശിക്കുകയുണ്ടായെന്നും ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും നഗര തൊഴിലുറപ്പ് പദ്ധതിയും തമ്മിൽ വ്യത്യാസം വരുന്നത് അഭികാമ്യമായിരിക്കുകയില്ലെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 305 മുതൽ 585 വരെയുള്ള ചോദ്യങ്ങളിൽ 95 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)